"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>**സംഗ്രഹം**</u>

പൊതു വിദ്യാഭ്യാസ വകുപ്പ് - പാലക്കാട് മണ്ണാർക്കാട് എയിഡഡ് ലോവർ പ്രൈമറി സ്കൂളിലെ ലോവർ പ്രൈമറി സ്കൂൾ അദ്ധ്യാപകരായ ശ്രീമതി. ഗ്രീഷ്മ. പി. സി, ശ്രീമതി. ശ്രുതി. എം. വി. എന്നിവർ ചേർന്ന് ഫയൽ ചെയ്ത റിട്ട് ഹർജി നം. 25785/2019 മേൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച 30.07.2021 തീയതി വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്

സ.ഉ.(സാധാ) നം.6167/2021/പൊ.വി.വ തീയതി,തിരുവനന്തപുരം, 31/12/2021

---

പരാമർശം:-

1. ബഹു. കേരള ഹൈക്കോടതിയുടെ 30.07.2021-ലെ W.P.(C) No. 25785/2019 മേലുള്ള വിധിന്യായം.
2. മണ്ണാർക്കാട് ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 18/10/2021-ലെ ഡി/86/2021 നമ്പർ കത്ത്.
3 മണ്ണാർക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 26/10/2021-ലെ ബി2/5111/2016 നമ്പർ കത്ത്.

<u>**ഉത്തരവ്**</u>

പാലക്കാട് മണ്ണാർക്കാട് എയിഡഡ് ലോവർ പ്രൈമറി സ്കൂളിലെ ലോവർ പ്രൈമറി സ്കൂൾ അദ്ധ്യാപകരായ ശ്രീമതി. ഗ്രീഷ്മ. പി. സി, ശ്രീമതി. ശ്രുതി. എം. വി. എന്നിവർ ചേർന്ന് ഫയൽ ചെയ്ത റിട്ട് ഹർജി നം. 25785/2019 മേൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച പരാമർശം 1 വിധിന്യായത്തിൽ 08/06/2019 തീയതിയിലെ Ext.P13 സർക്കാർ ഉത്തരവ് റദ്ദാക്കുകയും ഹർജിക്കാധാരമായ വിഷയം ഹർജിക്കാരെ കേട്ട് 06/02/2021 തീയതിയിലെ സ.ഉ(അച്ചടി) നം. 04/2021/പൊവിവ ഉത്തരിവന്റെ അടിസ്ഥാനത്തിൽ പുന:പരിശോധിച്ച് തീർപ്പാക്കണമെന്ന് ഒന്നാം എതിർകക്ഷിയായ പൊതു വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിക്ക് നിർദ്ദേശം നൽകുകയുണ്ടായി. അപ്രകാരം ഈ കേസുമായി ബന്ധപ്പെട്ടവരുടെ വാദം ഗൂഗിൾ മീറ്റ് സംവിധാനത്തിലൂടെ 27.10.2021ന് കേട്ടു.

2. ഹർജിക്കാരുടെ വാദം ചുവടെചേർക്കുന്നു .

"എ) പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് എ. എൽ. പി. എസ്സ് മണ്ണാർക്കാട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കീഴിലുള്ള ഒരു എയ്ഡഡ് വിദ്യാലയമാണ്. ശ്രീമതി. ഗ്രീഷ്മ. പി. സി യെ 01/06/2016 മുതൽ എൽ. പി. എസ്. റ്റി ആയി ശ്രീമതി. വിജയലക്ഷ്മി. പി. കെ. യുടെ വിരമിക്കൽ ഒഴിവിൽ നിയമിച്ചു. ശ്രീമതി. ശ്രുതി. എം. വി. യെ 01/06/2016 മുതൽ എൽ. പി. എസ്. റ്റി ആയി ശ്രീമതി. സത്യവതി. കെയുടെ വിരമിക്കൽ ഒഴിവിൽ നിയമിച്ചു. 2016-17 തസ്തിക നിർണ്ണയ ഉത്തരവിൽ ടിയാരിയെ നിയമിച്ച തസ്തിക സ്ഥാപിതമല്ല എന്ന കാരണത്താൽ മേൽ അദ്ധ്യാപകരുടെ നിയമനങ്ങൾ നിരസിച്ചു .

ബി) ജി. ഒ ( പി ) നം. 199/2011/പൊ. വി. വ തീയതി 01/10/2011 ൽ 2010-2011 തസ്തിക നിർണ്ണയ ഉത്തരവ് തുടർന്നുള്ള വർഷത്തേക്കും പിൻതുടരുവാൻ നിർദ്ദേശിച്ചു. സർക്കാർ സർക്കുലർ നം. 31904/ജെ2/12/പൊ.വി.വ തീയതി 06/06/2012 പ്രകാരം 2010-11 വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവ് 2012-13 വർഷത്തേക്കും ബാധകമാണെന്ന് ഉത്തരവായി. പിന്നീട് സർക്കാർ സർക്കുലർ നം. 45285/ജെ 2/13/ പൊ. വി. വ തീയതി 30/07/2013 പ്രകാരം 2010-11 തസ്തിക നിർണ്ണയ ഉത്തരവ 2013-14 വർഷത്തേക്കും തുടരുവാൻ നിർദ്ദേശിച്ചു. സർക്കുലർ നം. 49982/ജെ2/12/ പൊ.വി.വ തീയതി 10/09/2012 പ്രകാരം 2010-11 ലെ തസ്തിക നിർണ്ണയ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിയമനങ്ങൾ നടത്തുവാൻ ഉത്തരവായി. 2011-12 വർഷം മുതൽ തസ്തിക നിർണ്ണയം നടത്തി ഉത്തരവായിരുന്നെങ്കിലും 02/09/2019 എന്ന് വ്യക്തമാക്കിയിട്ടുള്ളതാണ് .

സി) ജി. ഒ.( പി ) നം. 29/2016/പൊ.വി. വ തീയതി 29/01/2016 ഉത്തരവു പ്രകാരം 2011-12 മുതൽ 2015-16 വരെയുള്ള അദ്ധ്യയന വർഷങ്ങളിലെ തസ്തിക നിർണ്ണയ ഉത്തരവ് കുട്ടികളുടെ എണ്ണത്തിന്റെയും അക്കമൊഡേഷന്റെയും അടിസ്ഥാനത്തിൽ പുന. നിർണ്ണയിക്കാൻ നിർദ്ദേശിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ 2011-12 മുതൽ 2015-16 വരെ തസ്തിക നിർണ്ണയ ഉത്തരവ് പുന. നിർണ്ണയിക്കുകയും മേൽ കാലഘട്ടത്തിൽ നടത്തി നിയമനാംഗീകാരം നൽകിയ നിരവധി നിയമനങ്ങളുടെ അംഗീകാരം റദ്ദ് ചെയ്യുകയും ചെയ്തു. മേൽ സാഹചര്യത്തിൽ ഡയറക്ടറും ഗവൺമെന്റും, 2011-12 മുതൽ 2015-16 വരെ അന്ന് നിലവിലുണ്ടായിരുന്ന ഉത്തരവുകളുടെ അടിസ്ഥാനത്തിൽ നിയമനം കിട്ടി തുടർന്നിരുന്ന അദ്ധ്യാപകർക്ക് തുടരുവാൻ ഉത്തരവ് നൽകി.

ഡി) 2010-11 തസ്തിക നിർണ്ണയ ഉത്തരവ് 2015-16 വരെ തുടരുന്നതാണ് ബഹു. ഹൈക്കോടതിയുടെ കെ. ബെൻസി വി. സ്റ്റേറ്റ് ഓഫ് കേരള എന്ന വിധിന്യായത്തിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. ജി. ഒ.( ആർ. റ്റി ) നം. 213/15/പൊ.വി.വ തീയതി 06/08/2015, 2010-11 തസ്തിക നിർണ്ണയ ഉത്തരവ 2014-15 അദ്ധ്യയന വർഷവും തുടരുന്നതാണ് എന്ന് വ്യക്തമാകുന്നതാണ്. കൂടാതെ 2010-11 അദ്ധ്യയന വർഷം ശ്രീമതി. സത്യവതി. കെ, ശ്രീമതി. വിജയലക്ഷ്മി. പി. കെ ഉൾപ്പെടെ 14 അദ്ധ്യാപകർ സ്കൂളിൽ ജോലി ചെയ്തിരുന്നു. ശ്രീമതി. സത്യവതി. കെ 31/05/2014 ഉം ശ്രീമതി. വിജയലക്ഷ്മി. പി. കെ 30/04/2015 ഉം സർവ്വീസിൽ നിന്നും വിരമിച്ചു. ടി വിരമിക്കൽ ഒഴിവുകളിലാണ് ശ്രീമതി. ശ്രുതി. എം. വി, ശ്രീമതി. ഗ്രീഷ്മ. പി. സി എന്നിവരെ നിയമിച്ചിട്ടുള്ളത്. ടി അദ്ധ്യാപകരെ നിയമിച്ച എൽ. പി തസ്തികകൾ 2016-17 ലെ അധിക തസ്തികകൾ അല്ല.

ഇ) കുട്ടികളുടെ എണ്ണവും അക്കോമഡേഷനും കണക്കിലെടുത്താണ് തസ്തിക നിർണ്ണയ ഉത്തരവിൽ ഡിവിഷനും തസ്തികയും അനുവദിക്കുന്നത്.

| ക്ലാസ്സ് | I | II | III | IV | ആകെ |
|---|---|---|---|---|---|
| കുട്ടികളുടെ എണ്ണം | 98 | 101 | 84 | 98 | 381 |
| അനുവദനീയമായ ഡിവിഷൻ | 4 | 4 | 3 | 4 | 15 |
| അനുവദിച്ച ഡിവിഷൻ | 4 | 4 | 2 | 3 | 13 |

കുട്ടികളുടെ എണ്ണം കണക്കാക്കി 2015-16 ൽ സ്കൂളിൽ 1.30 അനുപാതത്തിൽ 15 തസ്തികകൾ ലഭ്യമാണ്. എന്നാൽ 2015-16 തസ്തിക നിർണ്ണയ ഉത്തരവിൽ താഴെ പറയും പ്രകാരം 12 തസ്തികകൾ മാത്രമേ അനുവദിച്ചിരുന്നുള്ളു.

| ക്ലാസ്സ് | I | II | III | IV | ആകെ |
|---|---|---|---|---|---|
| കുട്ടികളുടെ എണ്ണം | 100 | 100 | 97 | 86 | 383 |
| അനുവദനീയമായ ഡിവിഷൻ | 4 | 4 | 4 | 3 | 15 |
| അനുവദിച്ച ഡിവിഷൻ | 4 | 4 | 2 | 2 | 12 |

എഫ്) കുട്ടികളുടെ എണ്ണം കണക്കാക്കി 2016-17 ൽ സ്കൂളിൽ 1:30 അനുപാതത്തിൽ 15 തസ്തികകൾ ലഭ്യമാണ്. എന്നാൽ 2016-17 തസ്തിക നിർണ്ണയ ഉത്തരവിൽ താഴെ പറയും പ്രകാരം 14 തസ്തികകൾ മാത്രമേ അനുവദിച്ചിരുന്നുള്ളു .

| ക്ലാസ്സ് | I | II | III | IV | ആകെ |
|---|---|---|---|---|---|
| കുട്ടികളുടെ എണ്ണം | 78 | 98 | 101 | 96 | 373 |
| അനുവദനീയമായ ഡിവിഷൻ | 3 | 4 | 4 | 4 | 15 |
| അനുവദിച്ച ഡിവിഷൻ | 3 | 4 | 4 | 4 | 14 |

തസ്തിക നിർണ്ണയ ഉത്തരവ് ചോദ്യം ചെയ്ത് പൊതു വിദ്യാഭ്യാസ ഡയറക്ടർ മുമ്പാകെ സമർപ്പിച്ച റിവിഷൻ ഹർജി നിരസിച്ചു. ഇതിനെതിരെ സർക്കാരിൽ റിവിഷൻ ഹർജി സമർപ്പിച്ചെങ്കിലും മേൽ സംഗതികൾ പരിഗണിക്കാതെയാണ്, റിവിഷൻ ഹർജി നിരസിച്ചിട്ടുള്ളത്.

ജി) ശ്രീമതി. ശ്രുതി. എം. വി, ശ്രീമതി. ഗ്രീഷ്മ. പി. സി എന്നിവരെ 2014-15 & 2015-16 അദ്ധ്യായന വർഷം മുതൽ ഉണ്ടായിരുന്ന വിരമിക്കൽ ഒഴിവിലാണ് 01/06/2016 ൽ നിയമിച്ചിരിക്കുന്നത്. പിന്നീട് തസ്തിക അനുവദിച്ച് നൽകുകയും അതിൽ നിയമിച്ച അദ്ധ്യാപികയ്ക്ക് നിയമനാംഗീകാരം നൽകുവാനുള്ള നിർദ്ദേശം നൽകി കൊണ്ടുള്ള സർക്കാർ ഉത്തരവ് ജി. ഒ ( ആർ. റ്റി ) നം. 202/2020/പൊ.വി.വ തീയതി 13/01/2020, ജി. ഒ(ആർ.റ്റി) നം. 519/2014/പൊ. വി. വ തീയതി 31/01/2014, ജി. ഒ ( ആർ. റ്റി ) നം. 252/2020/പൊ.വി.വ തീയതി 15/01/2020.

മേൽ സാഹചര്യങ്ങളും കോടതി വിധികളുടെയും സർക്കാർ ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ ഇക്കാര്യത്തിലുള്ള മുൻ ഉത്തരവുകൾ അസ്ഥിരപ്പെടുത്തി, 2014-15 അദ്ധ്യായ വർഷം മുതൽ തസ്തിക നിർണ്ണയ ഉത്തരവുകളിൽ ലഭ്യമായ 15 എൽ. പി. എസ്. എ തസ്തികകൾ അനുവദിച്ച നൽകുവാനും ശ്രീമതി. ശ്രുതി. എം. വി, ശ്രീമതി. ഗ്രീഷ്മ. പി. സി എന്നിവരുടെ 01/06/2016 മുതലുള്ള നിയമനങ്ങൾ അംഗീകരിച്ച നൽകുവാനും ഉത്തരവുണ്ടാകണമെന്ന് അപേക്ഷിക്കുന്നു . ”

3. ഇക്കാര്യത്തിൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ സമർപ്പിച്ച റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

" എ) മണ്ണാർക്കാട് എയിഡഡ് ലോവർ പ്രൈമറി സ്കൂളിലെ എൽ. പി. എസ്. ടി അദ്ധ്യാപകരായ ശ്രീമതി. സത്യവതിദേവി 31/05/2014 നും ശ്രീമതി. പി. കെ. വിജയലക്ഷ്മി 30/04/2015 നും വിരമിച്ച ഒഴിവിൽ യഥാക്രമം ശ്രീമതി. ശ്രുതി. എം. വി, ശ്രീമതി. ഗ്രീഷ്മ. പി. സി എന്നിവരെ 01/06/2016 മുതൽ എൽ. പി. എസ്. ടി അദ്ധ്യാപകരായി മാനേജർ നിയമിക്കുകയും നിയമനാംഗീകാരത്തിനായി പ്രൊപ്പോസൽ സമർപ്പിക്കുകയും ചെയ്തു. 2016-17 വർഷത്തിൽ നിയമനാംഗീകാര പ്രൊപ്പോസൽ പരിഗണിക്കുമ്പോൾ പ്രസ്തുത വർഷത്തെ തസ്തിക നിർണ്ണയം നടത്താത്തതിനാൽ തസ്തിക ലഭ്യമല്ല എന്ന കാരണത്താൽ രണ്ടു നിയമനാംഗീകാര അപേക്ഷകളും മണ്ണാർക്കാട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയത്തിൽ നിന്നും നിരസിച്ചിരുന്നു .

ബി) തസ്തിക നിർണ്ണയം നടന്നിട്ടുള്ള 2015-16 വർഷത്തിൽ 12 ഡിവിഷനുകളും പ്രധാനാദ്ധ്യാപകനടക്കം 12 തസ്തികകളും ആണ് അനുവദിച്ചിട്ടുള്ളത്. 12 അദ്ധ്യാപകർ ഇതിൽ ജോലിചെയ്യുന്നുണ്ടായിരുന്നു. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പരിപത്രം നം. എച്ച് 2/81000/2017/ഡി.ജി.ഇ തീയ്യതി 23/11/2017 ന്റെ അടിസ്ഥാനത്തിൽ 2016-17 വർഷത്തെ തസ്തിക നിർണ്ണയം നടത്തുകയും 2 എൽ. പി. എസ്. ടി അധിക തസ്തികകൾ ഉൾപ്പെടെ 14 തസ്തികകൾ മണ്ണാർക്കാട് എ. എൽ. പി. സ്കൂളിന് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. 01/06/2017 മുതൽ നിയമിതരായ ശ്രീമതി. ശ്രുതി. എം. വി, ശ്രീമതി. ഗ്രീഷ്മ. പി. സ് എന്നിവരുടെ നിയമനം 2016-17 വർഷത്തെ 2 അധിക തസ്തികയിൽ കണക്കാക്കുമ്പോഴും സർക്കാർ ഉത്തരവ് നം. 199/2016/പൊ.വി.വ തീയ്യതി. 03/12/2016, ഖണ്ഡിക 2 പ്രകാരം അധിക തസ്തികയിലെ നിയമനം നടത്തുമ്പോൾ 1:1 അനുപാത പ്രകാരം സംരക്ഷിതാദ്ധ്യാപകനെ നിയമിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതിനാലും ഈ ഉത്തരവ് 29/01/2016 മുതൽ ബാധകമായതിനാലും ടി ഉത്തരവ് പ്രകാരം 2016-17 വർഷത്തെ 2 അധിക തസ്തികകളിൽ നിയമനം നടത്തിയപ്പോൾ 1 സംരക്ഷിതാദ്ധ്യാപകനെ മാനേജർ നിയമിച്ചിട്ടില്ലാത്തതിനാലും ശ്രീമതി. ഗ്രീഷ്മ. പി. സി, ശ്രീമതി. ശ്രുതി. എം. വി എന്നിവരുടെ നിയമനങ്ങൾക്ക് നിയമനാംഗീകാരം ലഭിക്കാത്തതിനെതിരെ ബഹു. കേരളാ ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഡബ്ല്യൂ. പി. (സി) നം. 32305/2018 മേൽ പുറപ്പെടുവിച്ച 04/10/2018 ലെ വിധിന്യായം നടപ്പിലാക്കി നിയമനം നിരസിച്ചുകൊണ്ട് സർക്കാർ ഉത്തരവ് ( സാധാ ) നം. 3172/2019/പൊ.വി.വ തീയ്യതി. 06/08/2019 പ്രകാരം സർക്കാർ ഉത്തരവായി .

സി) ഈ ഉത്തരവിനെതിരെ ബഹു. കേരളാ ഹൈക്കോടതിയിൽ സമർപ്പിച്ച റിവിഷൻ ഹർജിയിൽ പ്രസ്തുത ഉത്തരവ് മാറ്റിവച്ച് സർക്കാർ ഉത്തരവ് നം. 04/2021/ പൊ. വി. വ തീയ്യതി 06/02/2021 പ്രകാരം പരിഗണിക്കുവാൻ ഡബ്ല്യൂ. പി.( സി ) നം. 25785/2019 റിവിഷൻ ഹർജിയിന്മേൽ 30/07/2021 ന് ബഹു .

കേരളാ ഹൈക്കോടതി ഉത്തരവായിരിക്കുന്നു.

ഡി) ഈ സാഹചര്യത്തിൽ മാനേജർ റിട്ടയർമെന്റ് ഒഴിവിൽ നിയമന ഉത്തരവ് നൽകി 01/06/2016 മുതൽ നിയമിച്ചിട്ടുള്ള ശ്രീമതി. ഗ്രീഷ്മ. പി. സി ശ്രീമതി. ശ്രുതി. എം. വി, എന്നിവരുടെ നിയമനം അധിക തസ്തികയിൽ പരിഗണിക്കുന്നതിനുള്ള അനുമതിയും അധിക തസ്തികയിലുള്ള ഈ 2 നിയമനങ്ങളും സർക്കാർ ഉത്തരവ് ( പി ) നം. 04/2021/ പൊ. വി. വ തീയ്യതി 06/02/2021 പ്രകാരം പരിഗണിക്കുന്നതിനായി പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ എച്ച് 2/19500/2019/ഡി.ജി.ഇ തീയ്യതി 26/02/2021 നം. പരിപത്രം പ്രകാരം സംരക്ഷിതാദ്ധ്യാപകരെ നിയമിച്ചുകൊള്ളാമെന്നുള്ള നിർദ്ദിഷ്ട മാതൃകയിലുള്ള സത്യപ്രസ്താവന മാനേജർ സമർപ്പിക്കുന്ന പക്ഷം പ്രസ്തുത ഉത്തരവ് പ്രകാരം നിയമന തീയ്യതി മുതൽ 05/02/2021 വരെ നോഷണലായും 06/02/2021 മുതൽ ശമ്പളവും മറ്റാനുകൂല്യങ്ങളോടെയും നിയമനാംഗീകാരത്തിന് പരിഗണനാർഹമാണെന്നു കാണുന്നു.

ഇ) എയിഡഡ് സ്കൂളുകളിലെ അദ്ധ്യാപക നിയമനത്തിൽ ഡിസബിലിറ്റിയുള്ളവരെ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച ബഹു. കേരളാ ഹൈക്കോടതിയുടെ 23/09/2021 ന് ഡബ്ല്യൂ. പി.( സി ) നം. 19808/2021 മേൽ പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിയമനാംഗീകാരം നൽകുന്നതിന് താത്കാലിക നിരോധനം നിൽക്കുന്നതായും ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

4. ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

എ) മണ്ണാർക്കാട് എയിഡഡ് ലോവർ പ്രൈമറി സ്കൂളിലെ എൽ. പി. എസ്. ടി അദ്ധ്യാപകരായ ശ്രീമതി . സത്യവതിദേവി 31/05/2014 നും ശ്രീമതി. പി. കെ. വിജയലക്ഷ്മി 30/04/2015 നും വിരമിച്ച ഒഴിവിൽ യഥാക്രമം ശ്രീമതി. ശ്രുതി. എം. വി, ശ്രീമതി. ഗ്രീഷ്മ. പി. സി എന്നിവരെ 01/06/2016 മുതൽ എൽ. പി. എസ്. ടി അദ്ധ്യാപകരായി മാനേജർ നിയമിക്കുകയും നിയമനാംഗീകാരത്തിനായി പ്രൊപ്പോസൽ സമർപ്പിക്കുകയും ചെയ്തു. 2016-17 വർഷത്തിൽ നിയമനാംഗീകാര പ്രൊപ്പോസൽ പരിഗണിക്കുമ്പോൾ പ്രസ്തുത വർഷത്തെ തസ്തിക നിർണ്ണയം നടത്താത്തതിനാൽ തസ്തിക ലഭ്യമല്ല എന്ന കാരണത്താൽ രണ്ടു നിയമനാംഗീകാര അപേക്ഷകളും മണ്ണാർക്കാട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയത്തിൽ നിന്നും നിരസിച്ചിരുന്നു.

ബി) തസ്തിക നിർണ്ണയം നടന്നിട്ടുള്ള 2015-16 വർഷത്തിൽ 12 ഡിവിഷനുകളും പ്രധാനാദ്ധ്യാപകനടക്കം 12 തസ്തികകളും ആണ് അനുവദിച്ചിട്ടുള്ളത്. 12 അദ്ധ്യാപകർ ഇതിൽ ജോലിചെയ്യുന്നുണ്ടായിരുന്നു. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പരിപത്രം നം. എച്ച് 2/81000/2017/ഡി. ജി. ഇ തീയ്യതി. 23/11/2017 ന്റെ അടിസ്ഥാനത്തിൽ 2016-17 വർഷത്തെ തസ്തിക നിർണ്ണയം നടത്തുകയും 2 എൽ. പി. എസ്. ടി അധിക തസ്തികകൾ ഉൾപ്പെടെ 14 തസ്തികകൾ മണ്ണാർക്കാട് എ. എൽ. പി. സ്കൂളിന് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. 01/06/2017 മുതൽ നിയമിതരായ ശ്രീമതി. ശ്രുതി. എം. വി, ശ്രീമതി. ഗ്രീഷ്മ. പി. സ് എന്നിവരുടെ നിയമനം 2016-17 വർഷത്തെ 2 അധിക തസ്തികയിൽ കണക്കാക്കുമ്പോഴും സർക്കാർ ഉത്തരവ് നം. 199/2016/പൊ.വി.വ തീയ്യതി. 03/12/2016, ഖണ്ഡിക 2 പ്രകാരം അധിക തസ്തികയിലെ നിയമനം നടത്തുമ്പോൾ 1:1 അനുപാത പ്രകാരം സംരക്ഷിതാദ്ധ്യാപകനെ നിയമിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതിനാലും ഈ ഉത്തരവ് 29/01/2016 മുതൽ ബാധകമായതിനാലും ടി ഉത്തരവ് പ്രകാരം 2016-17 വർഷത്തെ 2 അധിക തസ്തികകളിൽ നിയമനം നടത്തിയപ്പോൾ 1 സംരക്ഷിതാദ്ധ്യാപകനെ മാനേജർ നിയമിച്ചിട്ടില്ലാത്തതിനാലും ശ്രീമതി. ഗ്രീഷ്മ. പി. സി, ശ്രീമതി. ശ്രുതി. എം. വി എന്നിവരുടെ നിയമനങ്ങൾക്ക് നിയമനാംഗീകാരം ലഭിക്കാത്തതിനെതിരെ ബഹു. കേരളാ ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഡബ്ല്യൂ. പി. (സി) നം. 32305/2018 മേൽ പുറപ്പെടുവിച്ച 04/10/2018 ലെ വിധിന്യായം നടപ്പിലാക്കി നിയമനം നിരസിച്ചുകൊണ്ട് സർക്കാർ ഉത്തരവ് ( സാധാ ) നം. 3172/2019/പൊ.വി.വ തീയ്യതി. 06/08/2019 പ്രകാരം സർക്കാർ ഉത്തരവായി.

സി) ഈ ഉത്തരവിനെതിരെ ബഹു. കേരളാ ഹൈക്കോടതിയിൽ സമർപ്പിച്ച റിവിഷൻ ഹർജിയിൽ പ്രസ്തുത ഉത്തരവ് മാറ്റിവച്ച് സർക്കാർ ഉത്തരവ് നം. 04/2021/പൊ.വി.വ തീയ്യതി 06/02/2021 പ്രകാരം പരിഗണിക്കുവാൻ ഡബ്ല്യൂ. പി.( സി ) നം. 25785/2019 റിവിഷൻ ഹർജിയിന്മേൽ 30/07/2021 ന് ബഹു. കേരളാ ഹൈക്കോടതി ഉത്തരവായിരിക്കുന്നു.

ഡി) ഈ സാഹചര്യത്തിൽ മാനേജർ റിട്ടയർമെന്റ് ഒഴിവിൽ നിയമന ഉത്തരവ് നൽകി 01/06/2016 മുതൽ നിയമിച്ചിട്ടുള്ള ശ്രീമതി. ഗ്രീഷ്മ. പി. സി ശ്രീമതി. ശ്രുതി. എം.വി, എന്നിവരുടെ നിയമനം

അധിക തസ്തികയിൽ പരിഗണിക്കുന്നതിനുള്ള അനുമതിയും അധിക തസ്തികയിലുള്ള ഈ 2 നിയമനങ്ങളും സർക്കാർ ഉത്തരവ് ( പി ) നം. 04/2021/പൊ.വി. വ തീയ്യതി. 06/02/2021 പ്രകാരം പരിഗണിക്കുന്നതിനായി പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ എച്ച് 2/19500/2019/ഡി.ജി.ഇ തീയ്യതി 26/02/2021 നം. പരിപത്രം പ്രകാരം സംരക്ഷിതാദ്ധ്യാപകരെ നിയമിച്ചുകൊള്ളാമെന്നുള്ള നിർദ്ദിഷ്ട മാതൃകയിലുള്ള സത്യപ്രസ്താവന മാനേജർ സമർപ്പിക്കുന്ന പക്ഷം പ്രസ്തുത ഉത്തരവ് പ്രകാരം നിയമന തീയ്യതി മുതൽ 05/02/2021 വരെ നോഷണലായും 06/02/2021 മുതൽ ശമ്പളവും മറ്റാനുകൂല്യങ്ങളോടെയും നിയമനാംഗീകാരത്തിന് പരിഗണനാർഹമാണെന്നു കാണുന്നു.

ഇ) മണ്ണാർക്കാട് വിദ്യാഭ്യാസ ജില്ലയിലെ ഒരേ മാനേജ്മെന്റിനു കീഴിൽ വരുന്ന കെ. ടി. എം. ഹൈസ്കൂൾ മണ്ണാർക്കാട്, എ. എൽ. പി. എസ് മണ്ണാർക്കാട് എന്നീ സ്കൂളുകളിൽ മാനേജ്മെന്റ് തർക്കം നിലനിന്നിരുന്നതിനാൽ ഇതുമായി ബന്ധപ്പെട്ട് ശ്രീ . ശശിധരൻ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി ( സി ) നം. 24000/2017 ൻമേലുള്ള വിധിന്യായം നടപ്പാക്കുന്നതിനായി ഒരു ഹിയറിംഗ് നടത്തുകയും, പ്രസ്തുത സ്കൂളുകളുമായി ബന്ധപ്പെട്ട മാനേജ്മെന്റ് തർക്കം തീരുന്നതുവരെ മണ്ണാർക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറെ കെ. ടി. എം. ഹൈസ്കൂൾ മണ്ണാർക്കാട്, എ. എൽ. പി. എസ് മണ്ണാർക്കാട് എന്നീ സ്കൂളുകളുടെ താത്കാലിക മാനേജരായി സ. ഉ ( സാധ ) നം. 2630/2018/ പൊ.വി.വ തീയതി 13/07/2018 പ്രകാരം ദൈനം ദിന പ്രവർത്തനങ്ങൾ നിർവഹിക്കുന്നതിനായി ചുമതലപ്പെടുത്തി ഉത്തരവായി.

എഫ്) പ്രസ്തുത സ്കൂളുകളുടെ മാനേജ്മെന്റിനു വേണ്ടി ശ്രീ. ശശിധരൻ ഒ. എസ്. നം. 65/56 പ്രകാരം ബഹു . ഒറ്റപ്പാലം സബ് കോടതിയിൽ കേസ് ഫയൽ ചെയ്യുകയും, അതു വഴി ബഹു. കോടതി അന്തിമ വിധി പുറപ്പെടുവിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ശ്രീ. ശശിധരനെ പ്രസിഡന്റായി ഇലക്ഷൻ മുഖേന തെരഞ്ഞെടുക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ ബഹു. കോടതി വിധിക്കു വിധേയമായി ഉടമസ്ഥാവകാശം ഇല്ലാതെ പ്രസ്തുത സ്കൂളുകളുടെ മാനേജരായി ഈ ഓഫീസിൽ നിന്നും 13/10/2021 ന് ബി 2/5111/2016 നം. ഉത്തരവ് പ്രകാരം ശ്രീ. ശശിധരൻ എന്നയാളെ അംഗീകരിച്ച് ഉത്തരവ് നൽകിയിട്ടുണ്ട്.

5. ഇക്കാര്യം ഹിയറിങ് സമയത്തെ വാദം, ഹാജരാക്കപ്പെട്ട രേഖകൾ, ബന്ധപ്പെട്ട ചട്ടങ്ങൾ/ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ സർക്കാർ വിശദമായി പരിശോധിച്ചു. പ്രൊട്ടക്റ്റഡ് ടീച്ചറെ നിയമിക്കേണ്ടതായ ഒഴിവുകളിൽ അപ്രകാരം ചെയ്യാതെ, 2016-17 മുതൽ 2019-20 നടത്തിയ നിയമനങ്ങൾ അംഗീകരിക്കുന്നതിന് ചില നിബന്ധനകൾക്കു വിധേയമായി അനുമതി നൽകി 06.02.2021-ലെ ജി.ഒ(പി) 04/2021പൊ.വി.വ പ്രകാരം ഉത്തരവായിട്ടുണ്ട്. ഹർജിക്കാരുടെ നിയമനങ്ങൾ പ്രസ്തുത ഉത്തരവിന്റെ പരിധിയിലുൾപ്പെടുത്തി തീരുമാനമെടുക്കാൻ ബഹു: ഹൈക്കോടതി വിധിന്യായത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഹർജിക്കാരുടെ നിയമനങ്ങൾ മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ 06.02.2021-ലെ ജി.ഒ(പി) 04/2021പൊ.വി.വ ബാധകമാക്കി അതിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് അംഗീകരിക്കുന്നതിനുള്ള നിർദ്ദേശം മണ്ണാർക്കാട് ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്കു നല്കി ബഹു. കേരള ഹൈക്കോടതിയുടെ പരാമർശം 1 കോടതി വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ എസ്.വി
ജോയിന്റ് സെക്രട്ടറി

പകർപ്പ്:-

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖകത്ത് സഹിതം)
പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, മണ്ണാർക്കാട്, പാലക്കാട് ജില്ല.
ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ, മണ്ണാർക്കാട്, പാലക്കാട് ജില്ല.
മാനേജർ, എയിഡഡ് ലോവർ പ്രൈമറി സ്കൂൾ,
മണ്ണാർക്കാട്, പാലക്കാട്.
പ്രഥമാദ്ധ്യാപിക, എയിഡഡ് ലോവർ പ്രൈമറി സ്കൂൾ,
മണ്ണാർക്കാട്, പാലക്കാട്.

ശ്രീമതി. ഗ്രീഷ്മ. പി. സി, ലോവർ പ്രൈമറി സ്കൂൾ ടീച്ചർ,
എയിഡഡ് ലോവർ പ്രൈമറി സ്കൂൾ, മണ്ണാർക്കാട്, പാലക്കാട്.
ശ്രീമതി. ശ്രുതി. എം. വി., ലോവർ പ്രൈമറി സ്കൂൾ ടീച്ചർ,
എയിഡഡ് ലോവർ പ്രൈമറി സ്കൂൾ, മണ്ണാർക്കാട്, പാലക്കാട്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( എ&ഇ, ആഡിറ്റ്), തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ്ബ് & ന്യൂ മീഡിയ) വകുപ്പ്
(സർക്കാർ വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിയ്ക്കാൻ)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by Shahna Kumari S L
Date: 01-01-2022 10:57:43
Reason: Approved

സെക്ഷൻ ഓഫീസർ